പാളങ്ങളിൽ അറ്റകുറ്റപ്പണി

കൊല്ലം–എറണാകുളം മെമു സർവീസിൽ മാറ്റം

തിരുവനന്തപുരം

തിരുവനന്തപുരം റെയിൽവേ ഡിവിഷനിലെ മാവേലിക്കരയ്ക്കും ചെങ്ങന്നൂരിനും ഇടയിലെ പാളങ്ങളിൽ (124, 111) അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ട്രെയിൻ സർവീസുകൾ പൂർണമായും ഭാഗികമായും റദ്ദാക്കി.

എട്ട്, 15 തീയതികളിലെ എറണാകുളം–ഗുരുവായൂർ എക്സ്പ്രസ് (06448) പൂർണമായും ഏഴ്, 10, 12, 14, 17, 19, 21, 24, 26, 28, 31 തീയതികളിലെ കൊല്ലം –എറണാകുളം മെമു എക്സ്പ്രസ് (06442) ഭാഗികമായും റദ്ദാക്കി. എട്ട്, 15 തീയതികളിലെ നിലമ്പൂർ റോഡ്–കോട്ടയം ട്രെയിൻ (16325) അങ്കമാലിയിൽ സർവീസ് അവസാനിപ്പിക്കും. എട്ട്, 15 തീയതികളിലെ കണ്ണൂർ–എറണാകുളം എക്സ്പ്രസ് (16306) തൃശൂരിനും എറണാകുളത്തിനും ഇടയിൽ സർവീസ് അവസാനിപ്പിക്കും. എട്ട്, 15 തീയതികളിലെ തിരുവനന്തപുരം–ഗുരുവായൂർ ഇന്റർസിറ്റി എക്സ്പ്രസ് (16342) എറണാകുളത്ത് സർവീസ് അവസാനിപ്പിക്കും. ഒമ്പത്, 16 തീയതികളിലെ ഗുരുവായൂർ–തിരുവനന്തപുരം സെൻട്രൽ ഇന്റർസിറ്റി (16341) എറണാകുളത്ത് സർവീസ് അവസാനിപ്പിക്കും. പതിവുപോലെ എറണാകുളത്തുനിന്ന് സർവീസ് പുറപ്പെടും. പുനലൂർ–ഗുരുവായൂർ എക്സ്പ്രസ് (16327) എട്ട്, 15 തീയതികളിൽ കോട്ടയത്ത് സർവീസ് അവസനിപ്പിക്കും. തിരുവനന്തപുരം സെൻട്രൽ–എറണാകുളം വഞ്ചിനാട് എക്സ്പ്രസ് (16304) തൃപ്പൂണിത്തുറയിൽ സർവീസ് അവസാനിപ്പിക്കും. എറണാകുളം–കൊല്ലം മെമു എക്സ്പ്രസ് സ്പെഷ്യൽ (06441) 30വരെ കായംകുളത്ത് സർവീസ് അവസാനിപ്പിക്കും.

വഴിതിരിച്ചുവിടുന്നവ

ആലപ്പുഴവഴി പോകേണ്ട ചെന്നൈ–എഗ്മോർ ഗുരുവായൂർ എക്സ്പ്രസ് (16127) തിങ്കളാഴ്ചയും 26മുതൽ 31വരെയും കോട്ടയംവഴി തിരിച്ചുവിടും. കോട്ടയത്ത് അധിക സ്റ്റോപ്പ് അനുവദിക്കും.

എട്ടിനും 15നും ട്രയിനുകൾ വൈകിയോടും

പകൽ 3.45ന് തിരുവനന്തപുരത്തുനിന്ന് പുറപ്പെടേണ്ട തിരുവനന്തപുരം സെൻട്രൽ–വെരാവൽ വീക്ക്‌ലി എക്സ്പ്രസ് (16334) നാലുമണിക്കൂറും വൈകിട്ട് 4.45ന് പുറപ്പെടേണ്ട കൊച്ചുവേളി–മൈസുരു എക്സ്പ്രസ് (16316) മൂന്നേകാൽ മണിക്കൂറും 4.55ന് പുറപ്പെടേണ്ട തിരുവനന്തപുരം സെൻട്രൽ–ഷാലിമാർ ദ്വൈവാര സൂപ്പർഫാസ്റ്റ് എക്സ്പ്രസ് (22641) അഞ്ച് മണിക്കൂർ 20 മിനിറ്റും എറണാകുളത്തുനിന്ന് രാത്രി 10.30ന് പുറപ്പെടേണ്ട എറണാകുളം–കാരയ്ക്കൽ എക്സ്പ്രസ് (16188) ഒരു മണിക്കൂർ 20 മിനിറ്റും കൊച്ചുവേളിയിൽനിന്ന് വൈകിട്ട് അഞ്ചിന് പുറപ്പെടേണ്ട കൊച്ചുവേളി–യശ്വന്ത്പുർ ഗരീബ്രാദ് (12258) എക്സ്പ്രസ് മൂന്നുമണിക്കൂർ 10 മിനിറ്റും തിരുവനന്തപുരത്തുനിന്ന് വൈകിട്ട് 5.15ന് പുറപ്പെടേണ്ട തിരുവനന്തപുരം സെൻട്രൽ–ചെന്നൈ സെൻട്രൽ സൂപ്പർഫാസ്റ്റ് എക്സ്പ്രസ് ഒന്നര മണിക്കൂറും വൈകിയോടും.

നീലേശ്വരം - ചെറുവത്തൂർ റൂട്ടിൽ ഗതാഗത നിയന്ത്രണം

തിരുവനന്തപുരം

പാളത്തിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ 11 മുതൽ 18 വരെ ട്രെയിൻ ഗതാഗത ക്രമീകരണം ഏർപ്പെടുത്തി. 18ന് കോയമ്പത്തൂരിൽനിന്ന് പുറപ്പെടുന്ന കോയമ്പത്തൂർ– മംഗളൂരു സെൻട്രൽ ഇന്റർസിറ്റി എക്സ്പ്രസ് (22610) പയ്യന്നൂരിലും കോയമ്പത്തൂർ മംഗളൂരു സെൻട്രൽ എക്സ്പ്രസ് (16323) ചെറുവത്തൂരിലും സർവീസ് അവസാനിപ്പിക്കും. മംഗളൂരുവിൽനിന്ന് 11ന് രാത്രി 11.45ന് പുറപ്പെടേണ്ട മംഗളൂരു സെൻട്രൽ ചെന്നൈ സെൻട്രൽ വെസ്റ്റ് കോസ്റ്റ് സൂപ്പർഫാസ്റ്റ് എക്സ്പ്രസ് (22638) മൂന്നുമണിക്കൂർ വൈകി 12ന് പുലർച്ചെ 2.45നാകും പുറപ്പെടുക. നാഗർകോവിലിൽനിന്ന് 18ന് പുലർച്ചെ രണ്ടിന് പുറപ്പെടേണ്ട നാഗർകോവിൽ മംഗളൂരു സെൻട്രൽ എക്സ്പ്രസ് (16606) മൂന്നുമണിക്കൂർ വൈകും. കണ്ണൂരിൽ നിന്നും 18ന് വൈകിട്ട് 5.30ന് പുറപ്പെടേണ്ട കണ്ണൂർ ചെറുവത്തൂർ എക്സ്പ്രസ് (06469) ഒരുമണിക്കൂർ വൈകും.

എൻറോൾഡ് ഏജന്റ് കോഴ്സ്

അസാപ് കേരള-എച്ച് ആൻഡ് ആർ ബ്ലോക്ക് കരാർ

എച്ച് ആൻഡ് ആർ ബ്ലോക്ക്- അസാപ് കേരള ധാരണപത്രം മന്ത്രി ആർ ബിന്ദുവിന്റെ സാന്നിധ്യത്തിൽ കൈമാറുന്നു

തിരുവനന്തപുരം

എൻറോൾഡ് ഏജന്റ് (ഇഎ) കോഴ്സ് പഠനം പൂർത്തിയാക്കുന്നവർക്ക് ജോലി ഉറപ്പാക്കുന്നതിന് യുഎസ് ആസ്ഥാനമായ നികുതി സേവന കമ്പനിയായ എച്ച് ആൻഡ് ആർ ബ്ലോക്കുമായി അസാപ് കേരള ധാരണയിലെത്തി. മന്ത്രി ആർ ബിന്ദുവിന്റെ സാന്നിധ്യത്തിൽ അസാപ് കേരള സിഎംഡി ഡോ. ഉഷ ടൈറ്റസ്, എച്ച് ആൻഡ് ആർ ബ്ലോക്ക് ഇന്ത്യ വൈസ് പ്രസിഡന്റ് കെ ഹരിപ്രസാദ് എന്നിവർ ധാരണാപത്രത്തിൽ ഒപ്പിട്ടു. കരാർ പ്രകാരം ഇഎ കോഴ്സ് പഠിക്കുന്നവർക്ക് പഠനത്തോടൊപ്പമോ, പഠന ശേഷമോ എച്ച് ആൻഡ് ആർ ബ്ലോക്ക് ജോലി നൽകും.

യുഎസ് നികുതി രംഗത്ത് തൊഴിലവസരങ്ങളൊരുക്കുന്ന കോഴ്സാണ് എൻറോൾഡ് ഏജന്റ്. പരീക്ഷണാടിസ്ഥാനത്തിൽ എച്ച് ആൻഡ് ആർ ബ്ലോക്ക് അസാപിന്റെ ഇഎ ബാച്ചിലെ എട്ടുപേർക്ക് നിയമനം നൽകി. ഗ്ലോബൽ കൺസ്യൂമർ ടാക്സ് ജനറൽ മാനേജർ അൻഷു ജെയിൻ, ഓപ്പറേഷൻസ് ഹെഡ് ബിജു രാകേഷ്, പീപ്പിൾ ആൻഡ് കൾച്ചർ ഹെഡ് മനോജ് ഇലഞ്ഞിക്കൽ, ടാലന്റ് അക്വിസിഷൻ മാനേജർ ടെബു ജേക്കബ്, ലക്ഷ്മി പ്രസാദ്, അവിനാഷ് ചന്ദ്രൻ എന്നിവർ പങ്കെടുത്തു.

ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ഭാരത് ഗൗരവ് ട്രെയിൻ 19ന് പുറപ്പെടും

തിരുവനന്തപുരം

അവധിക്കാലത്ത് രാജ്യത്തെ പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കാൻ ഭാരത് ഗൗരവ് ട്രെയിൻ ടൂർ പാക്കേജുമായി റെയിൽവേ കാറ്ററിങ് ആൻഡ് ടൂറിസം കോർപറേഷൻ ലിമിറ്റഡ് (ഐആർസിടിസി). പ്രത്യേക ടൂറിസ്റ്റ് ട്രെയിനായ ഭാരത് ഗൗരവ് ട്രെയിൻ 19ന് കേരളത്തിൽനിന്ന് തിരിച്ച് ഹൈദരാബാദും ഗോവയും ഉൾപ്പെടുത്തിയുള്ള ഗോൾഡൻ ട്രയാംഗിൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിച്ച് 30ന് തിരികെയെത്തുമെന്ന് ഐആർസിടിസി സൗത്ത് സോൺ ടൂറിസം വിഭാഗം ജനറൽ മാനേജർ കെ രവികുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കൊച്ചുവേളിയിൽനിന്നാണ് യാത്ര ആരംഭിക്കുക. എസി 3 ടയർ, സ്ലീപ്പർ ക്ലാസ് എന്നിവ ചേർന്ന് ആകെ 750 വിനോദസഞ്ചാരികളെ ഉൾക്കൊള്ളാൻ ശേഷിയുള്ളതാണ് ഭാരത് ഗൗരവ് ടൂറിസ്റ്റ് ട്രെയിൻ (സ്റ്റാൻഡേർഡ് ക്ലാസ് 544 യാത്രക്കാർ ആൻഡ് കംഫർട്ട് ക്ലാസ് 206 യാത്രക്കാർ). കൊച്ചുവേളി, കൊല്ലം, കോട്ടയം, എറണാകുളം ടൗൺ, തൃശൂർ, ഒറ്റപ്പാലം, പാലക്കാട് ജങ്ഷൻ, പോടന്നൂർ ജങ്ഷൻ, ഈറോഡ് ജങ്ഷൻ, സേലം എന്നിവിടങ്ങളിൽനിന്ന് ട്രെയിൻ കയറാം. മടക്കയാത്രയിൽ കണ്ണൂർ, കോഴിക്കോട്, ഷൊർണൂർ, തൃശൂർ, എറണാകുളം ടൗൺ, കോട്ടയം, കൊല്ലം, കൊച്ചുവേളി എന്നിവിടങ്ങളിൽ ഇറങ്ങാം.

നോൺ എസി ക്ലാസ് യാത്രയ്ക്ക് ഒരാൾക്ക് 22,900 രൂപയും തേർഡ് എസി ക്ലാസ് യാത്രയ്ക്ക് ഒരാൾക്ക് 36,050 രൂപയുമാണ്. ബുക്കിങ് സമയം തെരഞ്ഞെടുത്ത ക്ലാസ് അനുസരിച്ച് സ്ലീപ്പർ ക്ലാസിലോ തേർഡ് എസിയിലോ ട്രെയിൻ യാത്ര, എസി അല്ലെങ്കിൽ നോൺ എസി വാഹനങ്ങളിൽ യാത്ര. രാത്രി എസി ഹോട്ടലുകളിൽ താമസം.

വെജിറ്റേറിയൻ ഭക്ഷണം (രാവിലെ ചായ, പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, അത്താഴം).

ടൂർ എസ്കോർട്ടിന്റെയും സുരക്ഷാ ജീവനക്കാരുടെയും സേവനം.യാത്രാ ഇൻഷുറൻസ് എന്നിവയുമുണ്ടാകും.

കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും ഐആർസിടിസി വെബ്സൈറ്റ് സന്ദർശിക്കാം. ലിങ്ക്: https://irctctourism.com/pacakage_description?packageCode=SZBG02

ഫോൺ: തിരുവനന്തപുരം – 8287932095, എറണാകുളം 8287932082 , കോഴിക്കോട് – 8287932098.

പ്രതികൾക്ക് ഗിരികുമാറിന്റെ നിർദേശം

‘ആശ്രമം കത്തിച്ചിട്ട് വിളിക്കരുത്’

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമം കത്തിച്ചശേഷം തന്നെ വിളിക്കരുതെന്ന് ആർഎസ്എസ് പ്രവർത്തകർക്ക് നിർദേശം നൽകിയിരുന്നതായി ബിജെപി ജില്ലാ ജനറൽ സെക്രട്ടറി വി ജി ഗിരികുമാർ. കസ്റ്റഡിയിൽ നടത്തിയ ചോദ്യംചെയ്യലിലാണ് ഗിരികുമാർ ഇക്കാര്യം സമ്മതിച്ചത്.

കേസിലെ ഒന്നാംപ്രതി പ്രകാശുമായി ഗിരികുമാർ നിരന്തരം ബന്ധപ്പെട്ടതിന്റെ തെളിവുകൾ പൊലീസ് ശേഖരിച്ചിരുന്നു. അക്രമം നടന്ന ദിവസവും തലേന്നും തുടർച്ചയായി ഇവർ തമ്മിൽ സംസാരിച്ചിട്ടുണ്ട്. എന്നാൽ, അക്രമം നടന്നശേഷം രാത്രി ഗിരികുമാറിനെ പ്രതികളാരും ബന്ധപ്പെട്ടില്ല. പിറ്റേന്ന് രാവിലെ ഏഴരയോടെ ഗിരികുമാറിന്റെ ഫോണിലേക്ക് പ്രകാശ് വിളിച്ചു. പിന്നീട് ഗിരികുമാറും ഇവരുമായി ബന്ധപ്പെട്ടിട്ടുണ്ട്. സംഭവത്തിനുശേഷം പ്രതികളെ താനോ അവർ തന്നെയോ ബന്ധപ്പെട്ടില്ല എന്ന വാദമായിരുന്നു ഗിരികുമാർ ആദ്യഘട്ടത്തിൽ ഉന്നയിച്ചത്. എന്നാൽ, സംഭവം നടന്ന ദിവസം വൈകിട്ടുവരെ പ്രകാശുമായി ഫോണിൽ ബന്ധപ്പെട്ട ശേഷം പെട്ടെന്ന് വിളി നിലച്ചത് പൊലീസ് സംശയത്തോടെയാണ് കണ്ടത്. രേഖകൾ കാട്ടിയുള്ള ചോദ്യംചെയ്യലിലാണ് ഗിരികുമാർ കുറ്റം സമ്മതിച്ചത്.

കേസിൽ റിമാൻഡിൽ കഴിയുന്ന ഗിരികുമാറിനെയും ആർഎസ്എസ് പ്രവർത്തകൻ ശബരി എസ് നായരെയും ആശ്രമത്തിൽ തെളിവെടുപ്പിന് എത്തിച്ചു. ഒരു ദിവസത്തെ കസ്റ്റഡി നടപടികൾ പൂർത്തിയാക്കി വെള്ളി വൈകിട്ടോടെ പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. ജാമ്യാപേക്ഷ ശനി പരിഗണിക്കും.

15–ാമത് ഐഡിഎസ്എഫ്എഫ്കെ: എൻട്രികൾ ക്ഷണിച്ചു

തിരുവനന്തപുരം

സാംസ്കാരിക കാര്യവകുപ്പിനുവേണ്ടി സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 15–ാമത് ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേളയിലേക്കുള്ള എൻട്രികൾ ക്ഷണിച്ചു. ജൂൺ 10 വരെ www.idsffk.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി എൻട്രികൾ സമർപ്പിക്കാം.

ആഗസ്ത് നാലുമുതൽ ഒമ്പതുവരെ തിരുവനന്തപുരത്താണ് മേള. മത്സരവിഭാഗത്തിൽ ലോങ്ങ് ഡോക്യുമെന്ററി (40 മിനിറ്റും അതിൽ കൂടുതലും), ഷോർട്ട് ഡോക്യുമെന്ററി (40 മിനിറ്റിൽ താഴെ), ഷോർട്ട് ഫിക്ഷൻ (60 മിനിറ്റും അതിൽ താഴെയും), അനിമേഷൻ ഫിലിംസ്, ക്യാമ്പസ് ഫിലിംസ് എന്നിവ മലയാളം മത്സരേതര വിഭാഗം എന്നീ വിഭാഗങ്ങളിലാണ് എൻട്രികൾ ക്ഷണിച്ചത്. 2022 മെയ് ഒന്നുമുതൽ ഏപ്രിൽ 30 വരെയുള്ള കാലയളവിൽ പൂർത്തീകരിച്ച ചിത്രങ്ങളാണ് സമർപ്പിക്കേണ്ടത്. ഓൺലൈൻ സ്ക്രീനറുകൾ മാത്രമാണ് എൻട്രി സ്വീകരിക്കുക.

മത്സരവിഭാഗങ്ങളിലേക്കുള്ള എൻട്രികൾ അപേക്ഷാ ഫീസ് നൽകിയശേഷം ലഭിക്കുന്ന ഇമെയിലിലെ ലിങ്ക് വഴി അടയ്ക്കാം.

ഭാഗ്യക്കുറി ക്ഷേമനിധി സ്കോളർഷിപ്പ് വിതരണം തുടങ്ങി

തിരുവനന്തപുരം

സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കായി ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്കോളർഷിപ്പുകളുടെ വിതരണം തുടങ്ങി. ധനമന്ത്രി കെ എൻ ബാലഗോപാൽ സംസ്ഥാനതല വിതരണോദ്ഘാടനം നടത്തി.

പത്താംതരം പരീക്ഷ എൺപത് ശതമാനംമുതൽ മാർക്കുവാങ്ങി വിജയിച്ച് ഉപരിപഠനത്തിന് ചേരുന്നവർ, റഗുലർ പ്രൊഫഷണൽ കോഴ്സുകൾ, ബിരുദ, ബിരുദാനന്തര കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് ചേർന്നവർക്കാണ് സ്കോളർഷിപ്പ്. ഇത്തവണ അഞ്ഞൂറിലേറെ പേർ അർഹരായി.

ചടങ്ങിൽ വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷനായി. ഭാഗ്യക്കുറി ഡയറക്ടർ എസ് എബ്രഹാം റെൻ, ക്ഷേമനിധി ബോർഡ് ചെയർമാൻ ടി ബി സുബൈർ, ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും സംഘടനാ പ്രതിനിധികളായ എ അജ്മൽ ഖാൻ, എം എസ് യൂസഫ്, വട്ടിയൂർക്കാവ് സനൽകുമാർ, എസ് ശ്രീകുമാർ, ചന്ദ്രബാബു, ഡോ. പുരുഷോത്തമഭാരതി, ക്ഷേമനിധി ഓഫീസർ സ്റ്റെഫീന റോഡ്രിഗ്സ് എന്നിവർ സംസാരിച്ചു.

പിഎസ്‌സി പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

തിരുവനന്തപുരം

പ്ലസ്ടു തലം മുഖ്യപരീക്ഷയുടെ ഭാഗമായി ബീറ്റ് ഫോറസ്റ്റ് ഓഫീസർ (കാറ്റഗറി നമ്പർ 44/2021, 45/2021, 693/2021) തസ്തികയിലേക്ക് ഒമ്പതിന് രാവിലെ 10.30 ന് നടത്താനിരുന്ന ഒഎംആർ പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം.

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളിലെ രജിസ്റ്റർ നമ്പർ 1043776 മുതൽ 1043975 വരെയുള്ള ഉദ്യോഗാർഥികൾ ഗവ.ഹൈസ്കൂൾ കക്കാഴം, അമ്പലപ്പുഴ പരീക്ഷാകേന്ദ്രത്തിലും കെ കെ കുഞ്ഞുപിള്ള മെമ്മോറിയൽ ഗവ. ഹൈസ്കൂൾ, അമ്പലപ്പുഴയിലെ രജിസ്റ്റർ നമ്പർ 1042276 മുതൽ 1042475 വരെയുള്ള ഉദ്യോഗാർഥികൾ അൽ ഹുദാ ഇംഗ്ലീഷ് സ്കൂൾ, മെഡിക്കൽ കോളേജ്, ആലപ്പുഴയിലെ കേന്ദ്രത്തിലും ഹാജരായി പരീക്ഷ എഴുതണം.

അഭിമുഖം

തിരുവനന്തപുരം

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ കൗമാരഭൃത്യ (കാറ്റഗറി നമ്പർ 112/2021) തസ്തികയിലേക്ക് ബുധൻ രാവിലെ 9.30 നും പകൽ 12 നും പിഎസ്‌സി ഓഫീസിൽ അഭിമുഖം നടത്തും. ഫോൺ: 0471 2546325.

രഘുരാമൻ നായർ പുരസ്കാരം വി മധുസൂദനൻ നായർക്ക്

തിരുവനന്തപുരം

മലയാള സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്ക് പ്രൊഫ. പി രഘുരാമൻ നായർ ട്രസ്റ്റ് ഏർപ്പെടുത്തിയ സാഹിത്യ പുരസ്കാരത്തിന് കവി വി മധുസൂദനൻ നായരെ തെരഞ്ഞെടുത്തതായി ട്രസ്റ്റ് പ്രസിഡന്റ് കെ മഹേശ്വരൻ നായർ അറിയിച്ചു. 25,555 രൂപയും ശിൽപ്പവും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം 17ന് വൈകിട്ട് ആറിന് പുജപ്പുര മണ്ഡപം ഹാളിൽ മന്ത്രി വി ശിവൻകുട്ടി സമ്മാനിക്കും.

രണ്ടാമതും പെൺകുഞ്ഞെങ്കിൽ 6000രൂപ

തിരുവനന്തപുരം

രാജ്യത്ത് പെൺകുഞ്ഞുങ്ങളുടെ ജനനനിരക്കിലെ കുറവ് പരിഹരിക്കാൻ നടപ്പാക്കുന്ന പ്രധാനമന്ത്രി മാതൃവന്ദന യോജനയിലേക്ക് അപേക്ഷിക്കാം. രണ്ടാം പ്രസവത്തിൽ പെൺകുട്ടിയാണെങ്കിൽ 6000 രൂപ ലഭിക്കുന്നതാണ് പദ്ധതി. ഇതുസംബന്ധിച്ച ഉത്തരവ് സംസ്ഥാന വനിതാ ശിശുവികസന ഡയറക്ടറുടെ കാര്യാലയം പുറത്തിറക്കി.

കേന്ദ്രസംസ്ഥാന ജീവനക്കാർ, പൊതുമേഖലാ ജീവനക്കാർ, പ്രസവാനുകൂല്യങ്ങൾ ലഭിക്കുന്നവർ ഒഴികെയുള്ളവർക്ക് ആനുകൂല്യം ലഭിക്കും.

ജൂലായ് മുതൽ ധനസഹായം ലഭിക്കണമെങ്കിൽ രണ്ടാം പ്രസവത്തിലെ പെൺകുഞ്ഞിന് ഒമ്പത് മാസം തികയുംമുമ്പ് അങ്കണവാടിയിൽ പേര് രജിസ്റ്റർ ചെയ്തിരിക്കണം. നേരിട്ട് അപേക്ഷിക്കാൻ കഴിയുന്ന pmmvy.nic.in പോർട്ടലും ഉടൻ സജ്ജമാകും.

ആദ്യപ്രസവത്തിന് കുഞ്ഞിന്റെ ലിംഗവ്യത്യാസം നോക്കാതെ 5000 രൂപ നൽകുന്നുണ്ട്. രണ്ടും ഒറ്റത്തവണ മാത്രമേ ലഭിക്കൂ.

കളരി, രംഗകല, കരകൗശലം ശിൽപ്പശാല 17 മുതൽ

തിരുവനന്തപുരം

കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ സ്ഥാപിച്ച കെഎസിവി കളരി അക്കാദമിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് കളരി, കേരളീയ രംഗകല, കരകൗശലം എന്നിവയിൽ 17 മുതൽ 30 വരെ ശില്പശാല ‘മെയ്ത്താരി’ സംഘടിപ്പിക്കും. കളരിവിദഗ്ധയും കെഎസിവി കളരി അക്കാദമി മേധാവിയുമായ മീനാക്ഷിയമ്മ നയിക്കുന്ന കളരി പരിശീലനവും നർത്തകി കപില വേണുവിന്റെ നവരസ അഭിനയപരിശീലനവുമുണ്ടാകും.

സംസ്ഥാനത്തെ ഏറ്റവും മികച്ച സംഘങ്ങൾ അവതരിപ്പിക്കുന്ന പൂരക്കളി, പരിചമുട്ടുകളി, പൂതനും തിറയും, കണ്ടെമ്പറി കലകൾ, കഥകളി, വേലകളി, തെയ്യം, നങ്ങ്യാർ കൂത്ത്, കോൽക്കളി, നായാടിക്കളി, മുടിയേറ്റ്, പടയണി, മാർഗം കളി, ചവിട്ടുനാടകം എന്നിവ ഓരോ ദിവസവുമുണ്ടാകും.

കലകളിലെ അവഗാഹവും കൈവരിച്ച നേട്ടങ്ങളും അടങ്ങുന്ന ബയോഡേറ്റ പരിശോധിച്ച് വിദഗ്ധ പാനൽ ചുരുക്കപ്പട്ടിക തയ്യാറാക്കി അവരുമായി ഓൺലൈൻ ആശയവിനിമയം നടത്തിയാണ് ശില്പശാലയിൽ പങ്കെടുക്കുന്നവരെ തെരഞ്ഞെടുക്കുക. www.kalariacdemy.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. 10 ആണ് അവസാനതീയതി. രജിസ്ട്രേഷൻ ഫീസ് ഇല്ല. പരിശീലനം സൗജന്യമാണ്. ഭക്ഷണവും താമസവും അവരവർ വഹിക്കണം.

രചനാമത്സര വിജയികൾ

കൊച്ചി

മലയാള കാവ്യസാഹിതി നടത്തിയ കഥ, കവിതാ രചനാമത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. ആദ്യ മൂന്നുസ്ഥാനക്കാർ ക്രമത്തിൽ. കഥ:

സിന്ധു തോമസ് (ഇടുക്കി), എസ് ബി ഷിബു (എറണാകുളം), എ സജികുമാർ (തിരുവനന്തപുരം). കവിത: കെ പളനി ചാരമംഗലം (എറണാകുളം), പി എം ശ്രീജയ (കണ്ണൂർ), അജിത രാജൻ (തൃശൂർ). 13ന് സാഹിതി സംസ്ഥാന സമ്മേളനത്തിൽ സമ്മാനം നൽകും.

പൊതുസമ്മേളനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

കെജിഒഎ സംസ്ഥാന സമ്മേളനത്തിന് ഇന്ന് തുടക്കം

കൊച്ചി

കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ 57–ാംസംസ്ഥാന സമ്മേളനം ശനിയാഴ്ച എറണാകുളം ടൗൺഹാളിൽ തുടങ്ങും. രാവിലെ 9.30ന് സംസ്ഥാന പ്രസിഡന്റ് ഡോ. എം എ നാസർ പതാക ഉയർത്തും. തുടർന്ന് സംസ്ഥാന കൗൺസിൽ യോഗം. വൈകിട്ട് 5.30ന് 2500 ഗസറ്റഡ് ഉദ്യോഗസ്ഥർ അണിനിരക്കുന്ന പ്രകടനത്തിനുശേഷം നടക്കുന്ന പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ കെ എൻ ബാലഗോപാൽ, കെ കൃഷ്ണൻകുട്ടി, സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ, എംഎൽഎമാരായ പ്രമോദ് നാരായണൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ പങ്കെടുക്കും.

പ്രതിനിധിസമ്മേളനം ഞായർ രാവിലെ 10ന് അഖിലേന്ത്യാ കിസാൻസഭ ജനറൽ സെക്രട്ടറി വിജൂ കൃഷ്ണൻ ഉദ്ഘാടനം ചെയ്യും. വൈകിട്ട് അഞ്ചിന് ‘സാമ്പത്തിക ഫെഡറലിസവും കേരളത്തിന്റെ ചെറുത്തുനിൽപ്പും’ എന്ന വിഷയത്തിലെ ഓപ്പൺഫോറം ഡോ. തോമസ് ഐസക് ഉദ്ഘാടനം ചെയ്യും. തിങ്കളാഴ്ച യാത്രയയപ്പ് സമ്മേളനം എൽഡിഎഫ് കൺവീനർ ഇ പി ജയരാജൻ ഉദ്ഘാടനം ചെയ്യും. മൂന്നുദിവസത്തെ സമ്മേളനത്തിൽ 650 പ്രതിനിധികൾ പങ്കെടുക്കും.

കേരളം മുന്നോട്ടുവയ്ക്കുന്ന ബദൽ വികസനത്തിന് തുടർച്ച ഉണ്ടാകുകയും അത് രാജ്യവ്യാപകമാക്കുകയും ചെയ്യുക എന്നതു മാത്രമാണ് പുരോഗതിയുടെ പാത. ഈ തിരിച്ചറിവ് മുഴുവൻ ജീവനക്കാരിലേക്കും ജനങ്ങളിലേക്കും എത്തിക്കുക എന്ന ദൗത്യം സമ്മേളനം ഏറ്റെടുക്കുമെന്ന് കെജിഒഎ സംസ്ഥാന പ്രസിഡന്റ് ഡോ. എം എ നാസറും ജനറൽ സെക്രട്ടറി ഡോ. എസ് ആർ മോഹനചന്ദ്രനും പറഞ്ഞു.

എട്ടുവയസ്സുകാരിയേയും കുടുംബത്തേയും പൂട്ടിയിട്ട സംഭവം

മന്ത്രവാദിനിയും ഭർത്താവും അറസ്റ്റിൽ

കോന്നി

ഉണ്ണികൃഷ്ണൻ, ശോഭന

എട്ടു വയസ്സുകാരിയെ അടക്കം മൂന്നുപേരെ മന്ത്രവാദ കേന്ദ്രത്തിൽ പൂട്ടിയിട്ട കേസിൽ മന്ത്രവാദിനി ശോഭന, ഭർത്താവ് ഉണ്ണികൃഷ്ണൻ എന്നിവരെ പൊലീസ് അറസ്റ്റ് ചെയ്തു. വെള്ളിയാഴ്ച പകൽ ഒന്നിന് മലയാലപ്പുഴ എസ്എച്ച്ഒ കെ എസ് വിജയന്റെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്. പിന്നീട് ഇവരെ ജാമ്യത്തിൽ വിട്ടു.

മലയാലപ്പുഴ പൊതീപ്പാട് മന്ത്രവാദ കേന്ദ്രമായ വാസന്തിമഠത്തിൽ ഒരു കുടുംബത്തിലെ മൂന്ന് പേരെ പത്തുദിവസമാണ് പൂട്ടിയിട്ടത്. സിപിഐ എം പ്രവർത്തകർ ഇടപ്പെട്ടാണ് ഇവരെ മോചിപ്പിച്ചത്. തുടർന്ന് മന്ത്രവാദിനി ശോഭനയും ഭർത്താവ് ഉണ്ണികൃഷ്ണനും ഒളിവിലായിരുന്നു. ഇവിടെ നിന്നും രക്ഷപ്പെട്ട പത്തനാപുരം സ്വദേശികളായ ശുഭ, എട്ടുവയസുകാരി മകൾ, ശുഭയുടെ ഭർത്താവിന്റെ അമ്മ എസ്തർ എന്നിവരെ ബന്ധുക്കൾ പൊലീസ് സ്റ്റേഷനിൽ എത്തി കൂട്ടികൊണ്ട് പോയിരുന്നു.

ശുഭയ്ക്കും ഭർത്താവ് അനീഷിനും കേസിന് ജാമ്യമെടുക്കാൻ നൽകിയ പണം തിരികെ നൽകാത്തതിനെ തുടർന്നാണ് പൂട്ടിയിട്ടതെന്നാണ് പ്രതികൾ പറയുന്നത്.

പ്രവീൺനാഥിന്റെ പങ്കാളി ആത്മഹത്യക്ക് ശ്രമിച്ചു

തൃശൂർ

മിസ്റ്റർ കേരള ട്രാൻസ് പ്രവീൺ നാഥിന്റെ ആത്മഹത്യക്കു പിന്നാലെ പങ്കാളി ആത്മഹത്യക്കു ശ്രമിച്ചു. കോട്ടയ്ക്കൽ അത്തേരി കാരക്കുന്നുമ്മൽ വീട്ടിൽ റിഷാന ഐഷു (23)വിനെ വിഷം കഴിച്ച നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വെള്ളി രാവിലെ തൃശൂർ അമല ആശുപത്രിയിലാണ് ഇവർ സുഹൃത്തിനൊപ്പം ചികിത്സതേടിയത്.

പ്രാഥമിക ചികിത്സയ്ക്കുശേഷം മുളങ്കുന്നത്തുകാവ് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കു മാറ്റി. വെള്ളിയാഴ്ച ഫെയ്സ്ബുക്ക് ലൈവിൽ വന്ന ശേഷമാണ് ആത്മഹത്യക്ക് ശ്രമിച്ചത്. പാറ്റയെ കൊല്ലുന്ന വിഷം കഴിച്ചെന്നാണ് പ്രാഥമികനിഗമനം. മെഡിക്കൽ കോളേജിൽ കഴിയുന്നതിനിടെ വെള്ളി പകൽ റിഷാന അധികൃതരിൽനിന്ന് അനുമതി വാങ്ങി, പ്രവീൺനാഥിന്റെ മൃതദേഹം പൊതുദർശനത്തിനു വച്ച തൃശൂർ ഇൻഡോർ സ്റ്റേഡിയത്തിലെത്തി.

ഇതിനിടെ, റിഷാന പതിവായി പ്രവീൺ നാഥിനെ മർദിച്ചിരുന്നുവെന്ന് പ്രവീണിന്റെ കുടുംബം ആരോപിച്ചു. സമൂഹമാധ്യമങ്ങളിലെ അധിക്ഷേപത്തിന്റെ പേരിലല്ല ആത്മഹത്യയെന്നും പരാതിയുമായി മുന്നോട്ട് പോകുമെന്നും സഹോദരൻ പുഷ്പൻ മാധ്യമങ്ങളോട് പറഞ്ഞു.

കഴിഞ്ഞ പ്രണയദിനത്തിലായിരുന്നു ഇരുവരുടെയും വിവാഹം. ഇവർ തമ്മിൽ വേർപിരിയുന്നു എന്ന രീതിയിൽ ദിവസങ്ങൾക്കു മുമ്പ് ചില ഓൺലൈൻ മാധ്യമങ്ങളിൽ വാർത്ത പ്രചരിച്ചിരുന്നു. മുൻ മിസ് മലബാറാണ് റിഷാന ഐഷു.

പ്രവീൺനാഥിന്റെ ആത്മഹത്യയിൽ ഓൺലൈൻ മാധ്യമങ്ങളക്കം ഉത്തരവാദികളാണെന്ന് ആരോപിച്ചും നിയമനടപടി ആവശ്യപ്പെട്ടും ട്രാൻസ്ജെൻഡർ കൂട്ടായ്മ മുഖ്യമന്ത്രിക്കും ഡിജിപിക്കും പരാതി നൽകി.

തുമ്പൂർമുഴി വനത്തിൽ യുവതിയെ കൊന്നുതള്ളി; യുവാവ് അറസ്റ്റിൽ

ചാലക്കുടി/ കാലടി

അതിരപ്പിള്ളി തുമ്പൂർമുഴിയിൽ കാടിനുള്ളിൽ യുവതിയെ കൊന്നുതള്ളിയ യുവാവ് അറസ്റ്റിൽ. കാലടി കാഞ്ഞൂർ ചെങ്ങൽ പരുത്തിച്ചുവട് പാറക്കടവ് സനലിന്റെ ഭാര്യ ആതിര (26) ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ യുവതിയുടെ സുഹൃത്തായ ഇടുക്കി വെള്ളത്തൂവൽ പാപ്പിനിശ്ശേരി വീട്ടിൽ അഖിൽ പി ബാലചന്ദ്രനെ (32) കാലടി പൊലീസ് അറസ്റ്റ് ചെയ്തു. വ്യാഴാഴ്ച അർധരാത്രിക്കുശേഷം തുമ്പൂർമുഴി വനമേഖലയിലെ 10 എന്ന ഭാഗത്ത് മുളംകാടുകൾക്കിടയിൽ നിന്നാണ് ആതിരയുടെ മൃതദേഹം കണ്ടെത്തിയത്. കരിയിലകൊണ്ട് മൂടിയ നിലയിലായിരുന്നു മൃതദേഹം. കഴുത്തിൽ ഷാൾ മുറുക്കിയാണ് കൊലപ്പെടുത്തിയതെന്ന് പ്രതി പറഞ്ഞതായി പൊലീസ് അറിയിച്ചു.

ആതിരയും അഖിലും അങ്കമാലിയിൽ സൂപ്പർമാർക്കറ്റ് ജീവനക്കാരാണ്. ആതിരയുടെ 12 പവൻ സ്വർണം അഖിൽ സൗഹൃദം നടിച്ച് കൈവശപ്പെടുത്തിയിരുന്നു. ഇത് തിരിച്ചുചോദിക്കുമോയെന്ന് ആശങ്കയാണ് കൊലയ്ക്ക് കാരണമായതെന്നും പൊലീസ് പറഞ്ഞു. വിനോദയാത്രയ്ക്കെന്ന് തെറ്റിദ്ധരിപ്പിച്ച് ആതിരയുമായി അതിരപ്പിള്ളിയിലേക്ക് തിരിക്കുകയായിരുന്നു.

കഴിഞ്ഞ 29 മുതൽ ആതിരയെ കാണാനില്ലെന്ന് കാണിച്ച് ഭർത്താവ് സനൽ കാലടി പൊലീസിൽ പരാതി നൽകിയിരുന്നു.

കൊല്ലപ്പെട്ട ആതിര, പ്രതി അഖിൽ പി ബാലചന്ദ്രൻ

അന്നേദിവസം സുനിൽ ആതിരയെ ജോലിക്ക് പോകാൻ കാലടി ബസ്സ്റ്റാൻഡിൽ എത്തിച്ചിരുന്നു. പിന്നീടാണ് കാണാതായത്. പൊലീസ് അന്വേഷണം നടത്തുകയായിരുന്നു. ഫോട്ടോ പതിപ്പിച്ച പോസ്റ്ററുകളും പ്രചരിപ്പിച്ചിരുന്നു. ഇതിനിടയിൽ കഴിഞ്ഞദിവസം ആതിര കാറിൽ പോവുന്ന ദൃശ്യം സിസിടിവി വഴി പൊലീസ് കണ്ടെത്തിയിരുന്നു. അഖിൽ റെന്റ് എ കാറെടുത്ത് ആതിരയോടൊപ്പം വിനോദസഞ്ചാരത്തിനെന്ന വ്യാജേന തുമ്പൂർമുഴിയിലെത്തുകയായിരുന്നു.

വിവരം ലഭിച്ച കാലടി പൊലീസ്, കസ്റ്റഡിയിൽ എടുത്ത് വിശദമായ ചോദ്യം ചെയ്തതോടെ ആതിരയെ കൊലപ്പെടുത്തിയതായി അഖിൽ സമ്മതിക്കുകയായിരുന്നു. രണ്ടാം ക്ലാസ് വിദ്യാർഥി ആദിത്യൻ ഒന്നാം ക്ലാസ് വിദ്യാർഥിനി വൈഗ എന്നിവരാണ് ആതിരയുടെ മക്കൾ. സംസ്കാരം കാലടി പൊതുശ്മശാനത്തിൽ നടന്നു. അഖിലും വിവാഹിതനാണ്. ഈ ബന്ധം ഉപേക്ഷിക്കാനുള്ള തയ്യാറെടുപ്പിലായിരുന്നുവെന്ന് പൊലീസ് പറയുന്നു.

മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തനം തുടങ്ങി

തിരുവനന്തപുരം

വളർത്തുമൃഗങ്ങൾക്ക് ഇനി നിരത്തിലും ചികിത്സ. മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്തെ 29 ബ്ലോക്കുകളിൽ നിരത്തിലിറക്കിയ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചു. ഏതു സമയത്തും കർഷകരുടെ വീട്ടുപടിക്കൽ സേവനമെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് യൂണിറ്റുകൾ ആരംഭിച്ചത്.

പരിശോധനാ നിരക്ക്

പശു/ എരുമ /പോത്ത്– 450 രൂപ. ഒരേ വീട്ടിൽ തന്നെയുള്ള അധികം വരുന്ന പശു/ എരുമ എന്നിവയുടെ ചികിത്സ ഒന്നിന് 200 രൂപ വീതം. അധികം വരുന്ന പശു/ എരുമ എന്നിവയ്ക്ക് ഗർഭസംബന്ധമായ അസുഖങ്ങൾ ഉള്ളവയാണെങ്കിൽ ഒന്നിന് 100 രൂപ.

ആട്– 450 രൂപ. ഒരേ വീട്ടിലെ അധികം വരുന്ന ആട് ഒന്നിന് 100 രൂപ വീതം.

അരുമ മൃഗങ്ങൾ, പക്ഷികൾ – 950 രൂപ വീതം. പൗൾട്രി കൺസൾട്ടേഷൻ 1000 പക്ഷികൾ വരെ 450 രൂപ വീതം. അധികം വരുന്ന ഓരോ 500 പക്ഷികൾക്കും 200 രൂപ വീതം.

ജീവൻരക്ഷാ പദ്ധതി: സമയപരിധി നീട്ടി

തിരുവനന്തപുരം

സംസ്ഥാനത്തെ പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർ ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർക്ക് സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ജീവൻരക്ഷാ പദ്ധതിയിൽ ചേരാനും തുക ഒടുക്കാനുമുള്ള കാലാവധി ജൂൺ 15 വരെ നീട്ടി. വിശദാംശങ്ങൾക്ക് www.finance.kerala.gov.in .